ആത്മഹത്യാ പ്രേരണക്കുറ്റത്തിന് യുവാവ് അറസ്റ്റിൽ. കൊല്ലം എടമുളക്കൽ ആയൂർ പൊയ്കവിള വീട്ടിൽ ബിബിൻ ബിജു ഡാനിയൽ (30) നെയാണ് ഞാറക്കൽ പോലീസ് അറസ്റ്റ് ചെയ്തത്. പുതിയ വീട്ടിൽ ശ്രീകാന്ത് മരണപ്പെട്ട കേസിലാണ് അറസ്റ്റ്. ശ്രീകാന്ത് ജോലി ചെയ്തിരുന്ന ഡി.ബി. സ്റ്റൈൽ എന്ന സ്ഥാപനത്തിന്റെ ഉടമയാണ് പ്രതി. ബിബിന്റെ ബൈക്ക് ശ്രീകാന്തിന് ഓടിക്കാൻ നൽകിയിരുന്നു. ഇത് നഷ്ടപ്പെട്ടു. ബൈക്ക് തിരികെ കിട്ടുന്നതിന് ശാരീരികമായും മാനസികമായും ശ്രീകാന്തിനെ പീഡിപ്പിക്കുകയും, ശ്രീകാന്തിന്റെ അച്ഛൻ ഉപയോഗിച്ച കാർ പ്രതി കൈവശപ്പെടുത്തുകയും ചെയ്തിരുന്നു.